ഐസി2-8364/2023

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
ജലസേചനവും ഭരണവും
തിരുവനന്തപുരം
തീയതി -12.10.2023

നോട്ടീസ്

വിഷയം:- ജലസേചനം-ജീവനക്കാര്യം-ശ്രീ.സബീർ പുഴക്കരവീട്ടിൽ, ഡ്രൈവർ ഗ്രേഡ്-II-ന്റെ സീനിയോറിറ്റി പുന:ക്രമീകരിച്ച് നൽകുന്നത്- സംബന്ധിച്ച്

സൂചന:- 1) 14.11.2014-ലെ ജി.ഒ(പി) നം. 38/2014/പി&എ.ആർ.ഡി

2) 09.04.2018-ലെ കണ്ണൂർ കെ.പി.എസ്.സി ജില്ലാ ഓഫീസറുടെ CV(4) 2385/14- നമ്പർ ആദ്യഘട്ട നിയമന ശുപാർശ.

3) 25.04.2018-ലെ തിരുവനന്തപുരം കായിക യുവജനകാര്യ വകുപ്പ് ഡയറക്ടറുടെ A4-1768/2016- നമ്പർ നിയമന ഉത്തരവ്

4) 28.06.2018-ലെ ഈ കാര്യാലയത്തിലെ ഉത്തരവ് നം. ബി7-20813/2018

5) 11.12.2018-ലെ കണ്ണൂർ കെ.പി.എസ്.സി ജില്ലാ ഓഫീസറുടെ സിV(4)2385/2014- നമ്പർ കാരണം കാണിക്കൽ നോട്ടീസ്

6) 22.03.2019-ലെ കണ്ണൂർ കെ.പി.എസ്.സി ജില്ലാ ഓഫീസറുടെ സി V(4)2385/2014- നമ്പർ കത്ത്

7) 20.05.2019-ലെ തിരുവനന്തപുരം കായിക യുവജനകാര്യ വകുപ്പ് ഡയറക്ടറുടെ A4-1768/2016(1)- നമ്പർ ഉത്തരവ്

8) 27.05.2019-ലെ കണ്ണൂർ കെ.പി.എസ്.സി ജില്ലാ ഓഫീസറുടെ CV(4)2385/2014(1)നമ്പർ രണ്ടാം ഘട്ട നിയമന ശുപാർശ

9) 01.06.2019-ലെ തിരുവനന്തപുരം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ സി2/21/2016/ഡിപിഐ- നമ്പർ നിയമന ഉത്തരവ്

10) 05.07.2019-ലെ ഈ കാര്യാലയത്തിലെ ഉത്തരവ് നം. ബി7-20813/2018

11) 13.06.2023-ലെ ഈ കാര്യാലയത്തിലെ ഉത്തരവ് നം. ഐസി2-64641/2022

12) 26.08.2023-ലെ കോഴിക്കോട് ഇറിഗേഷൻ നോർത്ത് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഇ1-3684/2023-നമ്പർ കത്ത്

തലശ്ശേരി ഇറിഗേഷൻ സെക്ഷൻ കാര്യാലയത്തിലെ ഡ്രൈവർ ഗ്രേഡ്II (LDV) ആയ ശ്രീ.സബീർ പുഴക്കരവീട്ടിൽ എന്നവരുടെ സീനിയോറിറ്റി സംരക്ഷിച്ചു കിട്ടുന്നതിനായി സൂചന (12) പ്രകാരം അപേക്ഷയും അനുബന്ധരേഖകളും സമർപ്പിച്ചിട്ടുണ്ട്. സൂചന (2)(3) പ്രകാരം ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസിയിൽ തിരുവനന്തപുരം കായിക യുവജനകാര്യ വകുപ്പിൽ ജോലിയിൽ പ്രവേശിക്കുകയും സൂചന (4) ഉത്തരവ് പ്രകാരം അന്തർവകുപ്പ് സ്ഥലം മാറ്റം മുഖേന ഈ വകുപ്പിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിരുന്നു. സൂചന (5)(6) പ്രകാരം കണ്ണൂർ ജില്ലയിൽ വിവധ വകുപ്പുകളിൽ ഡ്രൈവർ ഗ്രേഡ്-2(എൽഡിവി) തസ്തികയിലേയ്ക്ക് 06.02.2018-ൽ പ്രസിദ്ധീകരിച്ച റാങ്ക് പട്ടികയിൽ നിന്നും റൊട്ടേഷൻ ക്രമമനുസരിച്ച് തിരുവനന്തപുരം കായിക യുവജനകാര്യ വകുപ്പിലേയ്ക്ക് സൂചന(2) പ്രകാരം നിയമന ശുപാർശ നൽകുകയും ടി റൊട്ടേഷൻ തയ്യാറാക്കിയതിലുണ്ടായ പിഴവ് മൂലം വകുപ്പ് മാറ്റം സംഭവിച്ചതിനാൽ തെറ്റായ ടി നിയമന ശുപാർശ റദ്ദ് ചെയ്ത് വകുപ്പ് പുനക്രമീകരിച്ച് ഉദ്യോഗാർത്ഥികളെ പുനർ നിയമന ശുപാർശ ചെയ്യുമെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടിയാനെ സൂചന(7) ഉത്തരവ് പ്രകാരം 20.05.2019-ൽ ജോലിയിൽ നിന്ന് നീക്കം ചെയ്യുകയും സൂചന(8) പ്രകാരം രണ്ടാം ഘട്ട നിയമന ശുപാർശ നൽകുകയും ചെയ്തു. സൂചന (9) നിയമന ഉത്തരവ് പ്രകാരം തിരുവനന്തപുരം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ ഹെഡ്ക്വാർട്ടേഴ്സ് വേക്കൻസിയിൽ ജോലിയിൽ പ്രവേശിക്കുകയും സൂചന (10) ഉത്തരവ് പ്രകാരം അന്തർവകുപ്പ് സ്ഥലം മാറ്റ വ്യവസ്ഥയിൽ ഈ വകുപ്പിൽ നിയമനം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിലാണ് ടിയാന് സീനിയോറിറ്റി അനുവദിച്ച് നൽകിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ സൂചന (8) പ്രകാരം ലഭ്യമായ രണ്ടാം ഘട്ട നിയമന ശുപാർശയിൽ 'Earliest Effective Advice' ആനുകൂല്യം നൽകി 09.04.2018 മുതലുള്ള സീനിയോറിറ്റി നൽകാമെന്ന് നിർദ്ദേശിച്ചിരിക്കുന്നതിനാലും സൂചന (1) സർക്കാർ ഉത്തരവ് അനുസരിച്ച് മുൻവകുപ്പിലെ സേവനകാലം കൂടി പരിഗണിച്ച് ഈ വകുപ്പിലെ സീനിയോറിറ്റി പുന:നിർണ്ണയിക്കാവുന്നതാണ്. സൂചന(11) ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച ഡ്രൈവർമാരുടെ 31.10.2022 വരെയുള്ള അന്തിമ മുൻഗണനാ പട്ടികയിൽ ക്രമ നം. 149 ആയ ശ്രീ.സബീർ പുഴക്കരവീട്ടിൽ-ന്റെ സീനിയോറിറ്റി, ക്രമ നം. 132 ആയ ശ്രീ.വിനോദ് റോയ്.കെ.പി യുടേയും ക്രമ നം. 133 ആയ ശ്രീ.ഹരീന്ദ്രൻ.പി യുടേയും മദ്ധ്യേ പുന:ക്രമീകരിക്കുന്നതാണ്.

ഇതിന്മേൽ ഏതെങ്കിലും തരത്തിലുള്ള പരാതികൾ ഉള്ളവർ വസ്തുത തെളിയിക്കുന്നതിനാവശ്യമായ മേലധികാരി സാക്ഷ്യപ്പെടുത്തിയ രേഖകൾ സഹിതം ഈ നോട്ടീസ് വെബ്സൈററിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ 15 ദിവസത്തിനുള്ളിൽ ഈ കാര്യാലയത്തിൽ ഹാജരാക്കേണ്ടതാണ്. പ്രസ്തുത തീയതിയ്ക്കുള്ളിൽ പരാതികൾ ഒന്നും തന്നെ ലഭിച്ചില്ല എങ്കിൽ ശ്രീ.സബീർ പുഴക്കരവീട്ടിൽ എന്നവരുടെ സീനിയോറിറ്റി ജലസേചന വകുപ്പിലെ ഡ്രൈവർമാരുടെ 31.08.2023 വരെയുള്ള താത്കാലിക മുൻഗണനാ പട്ടികയിൽ പുന:ക്രമീകരിച്ച് ഉത്തരവാകുന്നതാണ്.

ശ്രീ.സബീർ പുഴക്കരവീട്ടിൽ
ഡ്രൈവർഗ്രേഡ്II
(ഓഫീസ് മേലധികാരി മുഖേന)

ചീഫ് എഞ്ചിനീയർക്കുവേണ്ടി
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
ഇറിഗേഷൻ

പകർപ്പ്

1. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,
ഐ.ടി.സെൽ, ഇറിഗേഷൻ
(നോട്ടീസ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)